**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 304** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിംഗ് മേഖലയിൽ ഉപഭോക്തൃ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്താക്കളുടെ താൽപര്യങ്ങൾ, വിവര സങ്കേതികവിദ്യ, വിദേശ നിക്ഷേപ നയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിംഗ് തുടങ്ങിയ വിൽപ്പനരീതികൾ വിപുലമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സാമ്പത്തിക നയപരിഷ്കരണങ്ങൾ, ആഗോള വിപണി സാധ്യതകൾ, പുത്തൻ സാങ്കേതിക വിദ്യകളുടെ ആവിർഭാവം തുടങ്ങിയവമൂലം സേവനങ്ങളുടെയും സാധനങ്ങളുടെയും വിപണി വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഉപഭോക്തൃ താൽപ്പര്യങ്ങൾ, നൂതന വിവരസാങ്കേതിക വിദ്യ, വിദേശ നിക്ഷേപ നയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിംഗ് തുടങ്ങിയ വിൽപ്പന രീതികൾ വിപുലമാകുന്നുണ്ട്. വർദ്ധിച്ച ആഗോള വ്യാപാരവും ഓൺ ലൈൻ വ്യാപാരവും ഉപഭോക്താക്കൾക്ക് ഉപകാരപ്രദമായെങ്കിലും പുതിയ രീതിയിലുള്ള തട്ടിപ്പുകളും അധാർമ്മിക കച്ചവടങ്ങളും ഉപഭോക്താക്കൾക്ക് ഭീഷണിയാകുന്നു. ഡയറക്ട് സെല്ലിംഗ് തുടങ്ങിയ വിൽപ്പന രീതികൾ വിപുലമാകുന്ന സാഹചര്യത്തിൽ ഡയറക്ട് സെല്ലിംഗ് ബിസിനസ്സുകളിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി 04-10-2024ലെ GO(P)No.20/2024/CAD നമ്പർ പ്രകാരം പുതുക്കിയ ഡയറക്ട് സെല്ലിംഗ് മാർഗ്ഗ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവഴി ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കും. |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിംഗ് ബിസിനസുകളിൽ ഉപഭോക്തൃ താൽപര്യസംരക്ഷണം ഉറപ്പാക്കേണ്ടതിന്റെ അനിവാര്യത വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | സാമ്പത്തിക നയപരിഷ്കരണങ്ങൾ, ആഗോള വിപണി സാധ്യതകൾ, പുത്തൻ സാങ്കേതിക വിദ്യകളുടെ ആവിർഭാവം തുടങ്ങിയവമൂലം സേവനങ്ങളുടെയും സാധനങ്ങളുടെയും വിപണി വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഉപഭോക്തൃ താൽപ്പര്യങ്ങൾ, നൂതന വിവരസാങ്കേതിക വിദ്യ, വിദേശ നിക്ഷേപ |

| | | | |
|---|---|---|---|
| | | | നയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി ഇ-കൊമേഴ്സ്, ഡയറക്ട് സെല്ലിംഗ് തുടങ്ങിയ വിൽപ്പന രീതികൾ വിപുലമാകുന്നുണ്ട്. വർദ്ധിച്ച ആഗോള വ്യാപാരവും ഓൺ ലൈൻ വ്യാപാരവും ഉപഭോക്താക്കൾക്ക് ഉപകാരപ്രദമായെങ്കിലും പുതിയ രീതിയിലുള്ള തട്ടിപ്പുകളും അധാർമ്മിക കച്ചവടങ്ങളും ഉപഭോക്താക്കൾക്ക് ഭീഷണിയാകുന്നു. ഡയറക്ട് സെല്ലിംഗ് തുടങ്ങിയ വിൽപ്പന രീതികൾ വിപുലമാകുന്ന സാഹചര്യത്തിൽ ഡയറക്ട് സെല്ലിംഗ് ബിസിനസ്സുകളിൽ ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുന്നതിനും നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി 04-10-2024ലെ GO(P)No.20/2024/CAD നമ്പർ പ്രകാരം പുതുക്കിയ ഡയറക്ട് സെല്ലിംഗ് മാർഗ്ഗ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുവഴി ഈ മേഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിനും ഉപഭോക്തൃസംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കും. |
| (സി) | ഡയറക്ട് സെല്ലിംഗ് മേഖലയെ നിരീക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് ശക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഡയറക്ട് സെല്ലിംഗ് മേഖലയെ നിരീക്ഷിക്കുന്നതിനും ഉപഭോക്താക്കളുടെ നിയമാനുസൃത അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുന്നതിനുമായി "സംസ്ഥാന തല മോണിറ്ററിംഗ് മെക്കാനിസം ഫോർ ഡയറക്ട് സെല്ലിംഗ് എന്റിറ്റിസ് ആന്റ് ഡയറക്ട് സെല്ലേഴ്സ് ഇൻ ദി സ്റ്റേറ്റ് ഓഫ് കേരള, 2024" എന്ന പേരിൽ സംസ്ഥാനത്ത് ഡയറക്ട് സെല്ലിംഗ് മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിൽ ഡയറക്ട് സെല്ലിംഗ് ബിസിനസ് നടത്തുന്നതിന് യഥാർത്ഥ ഡയറക്ട് സെല്ലിംഗ് സ്ഥാപനങ്ങൾക്ക് എൻറോൾമെന്റ് സൗകര്യങ്ങൾ ഒരുക്കുക, ഡയറക്ട് സെല്ലിംഗ് സ്ഥാപനങ്ങളുടെ നിയമലംഘനത്തിനെതിരെ പൊതു ജനങ്ങൾ ഉൾപ്പെടെയുള്ള ഉപഭോക്താക്കളിൽ നിന്ന് പരാതികൾ സ്വീകരിക്കുക, നികുതി നിയമങ്ങൾ ലംഘിക്കുന്നത് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് അധികാരികളെ അറിയിക്കുക, നിയമ നിർവ്വഹണ അധികാരികൾ, ഉപഭോക്താക്കൾ, ഡയറക്ട് സെല്ലേഴ്സ്, പൊതു ജനങ്ങൾ എന്നിവർക്കിടയിൽ ഡയറക്ട് സെല്ലിംഗ് സംബന്ധിച്ച് അവബോധം നൽകുക, സംശയാസ്പദവും, വ്യാജ സ്വഭാവമുള്ളതുമായ സേവനങ്ങളെയും ഉത്പ്പന്നങ്ങളെയും സംബന്ധിച്ച് പൊതു ജനങ്ങളെ അറിയിക്കുക എന്നിവയാണ് മോണിറ്ററിംഗ് അതോറിറ്റിയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ. അന്യായമായ വ്യാപാര രീതികൾ നിരോധിക്കുക, എല്ലാത്തരം പിരമിഡ് സ്കീമുകളും മണിചെയിൻ |

| | | | |
|---|---|---|---|
| | | | പദ്ധതികളും നിരോധിക്കുക, കേരളത്തിലെ ഡയറക്ട് സെല്ലേഴ്സിന്റേയും ഡയറക്ട് സെല്ലിംഗ് സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുക / മേൽനോട്ടം വഹിക്കുക എന്നിവയും മോണിറ്ററിംഗ് അതോറിറ്റി യുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. |
| (ഡി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളുടെ പിൻബലത്തിൽ പിരമിഡ്, പോൺസി സ്കീം, മണി സർക്കുലേഷൻ തുടങ്ങിയ വ്യാപാര രീതികളെല്ലാം പൂർണ്ണമായും നിരോധിക്കാൻ സാധ്യമാണോ; വിശദമാക്കാമോ? | (ഡി) | പിരമിഡ് സ്കീമുകൾ, പോൺസി സ്കീമുകൾ, മണിചെയിൻ സ്കീമുകൾ, മറ്റ് അന്യായ വ്യാപാര രീതികൾ എന്നിവ 2021 ലെ ഉപഭോക്തൃസംരക്ഷണ (ഡയറക്ട് സെല്ലിംഗ്) കേന്ദ്ര ചട്ടങ്ങൾ പ്രകാരം നിരോധിച്ചിട്ടുണ്ട്. ആയത് സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കാൻ വേണ്ടിയാണ് ഡയറക്ട് സെല്ലിംഗ് മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. G.O.(P)No.20/2024/CAD പ്രകാരവും, ഉപഭോക്തൃ സംരക്ഷണ (ഡയറക്ട് സെല്ലിംഗ്) ചട്ടങ്ങൾ 2021 ലെ ചട്ടം 10 (b) r.w ചട്ടം 3 (f) പ്രകാരവും ഡയറക്ട് സെല്ലിംഗ് സ്ഥാപനമോ ഡയറക്ട് സെല്ലറോ പിരമിഡ് സ്കീം മണി ചെയിൻ സ്കീം എന്നിവ പ്രോത്സാഹിപ്പിക്കുകയോ അതിൽ ഏർപ്പെടുകയോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ അത്തരം സ്കീമിൽ ചേർക്കുകയോ അത്തരം ക്രമീകരണത്തിൽ പങ്കെടുക്കുകയോ ചെയ്യരുതെന്നും തെറ്റിദ്ധരിപ്പിക്കുന്നതോ വഞ്ചനാപരമോ അന്യായമോ ആയ ഏതെങ്കിലും വ്യാപാര രീതികൾ പ്രോത്സാഹിപ്പിക്കുകയോ അതിലേർപ്പെടുകയോ ചെയ്യരുതെന്നും നിഷ്കർഷിക്കുന്നു. ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഡയറക്ട് സെല്ലിംഗ് മേഖലയിൽ ശ്രദ്ധിക്കപ്പെടുന്ന പക്ഷം അത്തരം സ്ഥാപനങ്ങൾ/ വ്യക്തികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ